ബ്ലീച്ചിംഗ് പൗഡർ ലായനിയോ കലർത്തി അണുവിമുക്തമാക്കും. ആ ജലം വീണ്ടും പരിശോധിച്ച് അണുക്കൾ ഒന്നുംതന്നെയില്ല എന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ വിതരണം നടത്തുകയുള്ളൂ. ഇത്തരം പരിശോധനകൾ നടത്തുന്നതിനായി വാട്ടർ അതോറിറ്റിയിലെ എല്ലാ ശുദ്ധീകരണശാലയോടനുബന്ധിച്ചും ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തുടനീളം ഇത്തരം ലബോറട്ടറികളുടെ മേൽനോട്ടം വഹിക്കുവാനും വിവിധ ശുദ്ധജലവിതരണ പദ്ധതികളിലെ ഗുണനിലവാരം പരിശോധിക്കുവാനായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലുള്ള മൂന്നു ഡിവിഷനുകളും മൂന്നു മേഖല റീജിയണൽ ലബോറട്ടറികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, പൊതു ടാപ്പുകളിൽ നിന്നും ജലം ശേഖരിച്ച് റീജിയണൽ ലബോറട്ടറികളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേമാക്കുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇലക്ട്രിസിറ്റി ബോർഡിന്റെ വിഭവ സമാഹരണം

27(*208) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡ് ഈ വർഷം ആഭ്യന്തര വിഭവ സമാഹരണത്തിന് പുറമേ മറ്റെന്തെല്ലാം നിലയിൽ വിഭവ സമാഹരണം നടത്താനുദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ ;

(ബി) മൂലധന ചെലവിലേയ്ക്കായി ഏതെല്ലാം നിലയിൽ മൊത്തം എന്ത് തുകയാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) വിവിധ ഗവൺമെന്റ് വകുപ്പുകൾ സബ്സിഡി ഇനത്തിൽ വൈദ്യുതി ബോർഡിന് നൽകാനുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എ. ഡി. ബി. യിൽ നിന്നും ലഭിച്ച വായ്പ തുകയിൽ എന്തു തുക ബോർഡിന് നൽകാനായിട്ടുണ്ട് ;

(ഇ) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നൽകുന്ന വാർഷിക റവന്യൂ ആവശ്യകത പ്രകാരം 2003-2004 വർഷത്തിൽ എന്ത് തുകയുടെ കമ്മിയാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2003-2004 വാർഷിക ബഡ്ജറ്റിൽ എത്ര തുകയുടെ കമ്മിയാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ജി) സർക്കാർ ഈ വർഷം വായ്പയായി എന്ത് തുക ബോർഡിന് പണമായി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) 2003-2004 ലെ ബോർഡിന്റെ ബഡ്ജറ്റ് പ്രകാരം, ആഭ്യന്തര വിഭവ സമാഹരണത്തിന് പുറമേ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നു.

1.	ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ	- 30 കോടി രൂപ
2.	റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ	- 585 കോടി രൂപ
3.	ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ	- 125 കോടി രൂപ
4.	സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ ബാങ്ക് ഓഫ് ഇൻഡ്യ	- 10 കോടി രൂപ
5.	പവർ ഫിനാൻസ് കോർപ്പറേഷൻ	- 141 കോടി രൂപ
6.	റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ വഴി ബാങ്കുകളിൽ നിന്നുള്ള വായ്പ	- 100 കോടി രൂപ
7.	മറ്റ് ധനകാര്യസ്ഥാപനങ്ങൾ/കേരള പവർ ഫിനാൻസ് കോർപ്പറേഷൻ /നോൺ എസ്. എൻ. ആർ. ബോണ്ടുകൾ എന്നിവ വഴി പ്രതീക്ഷിക്കുന്ന വായ്പ	- 286.32 കോടിരൂപ
8.	ഇവ കൂടാതെ സംസ്ഥാന സർക്കാരിൽ നിന്നും വായ്പയായി ലഭിക്കും എന്ന് പ്രതീക്ഷിക്കുന്ന തുക	- 290 കോടി രൂപ
	ആകെ	1,567.32 കോടി രൂപ

(ബി) മൂലധന ചെലവിലേയ്ക്കായി ആകെ 765 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

(സി) 2001-2002 സാമ്പത്തിക വർഷത്തെ ബോർഡിന്റെ താൽക്കാലിക കണക്കനുസരിച്ച് സർക്കാർ 5,675.56 കോടി രൂപ സബ്സിഡിയിനത്തിൽ നൽകാനുണ്ട്.

(ഡി) 2002-2003 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനയിൽ അനുവദിച്ചിരുന്ന 200 കോടി രൂപ വരാനുണ്ടായിരുന്നു.

(ഇ) റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കാനുള്ള വാർഷിക റവന്യൂ ആവശ്യകത സംബന്ധിച്ച കണക്കുകൾ തയ്യാറായി വരുന്നതേയുള്ളു.

(എഫ്) 802.32 കോടി രൂപ.

(ജി) ഈ വർഷം ഇതുവരെ സർക്കാരിൽ നിന്നും വായ്പ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly